പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.235 02.03.2020 ൽ മറുപടിക്ക്

## ഡയാലിസിസ് സെന്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ളതും നേരത്തെ താലൂക്ക് ആശുപത്രി സി.എച്ച്.സി. ആയിരുന്നപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ആയിരുന്നതുമായ ഡയാലിസിസ് സെന്റർ പെരുവള്ളൂർ സി.എച്ച്.സി.യിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.യുടെ ശിപാർശ സഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 04.01.2020 തീയതി എം1/944/2019 നമ്പർ ആയി ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിലേക്ക് കത്ത് അയച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | 04.01.2020 ലെ എം.1/944/2019/ആ.കു.വ നമ്പർ സർക്കാർ കത്ത് പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കത്ത് ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിൽ എന്നാണ് ലഭ്യമായതെന്ന് അറിയിക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസ് ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ? | (സി) | ടി കത്ത് 10.01.2020 ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട് (ഫയൽ നമ്പർ കെ.എസ്.പി.3/2812/2020/ആ.വ.ഡ തീയതി 13.02.2020) കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ